# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:10.08.2025**

## പ്രധാനവാർത്തകൾ

1. ബെംഗളൂരുവിൽ മൂന്നു വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ലാഗ് ഓഫ് ചെയ്തു. കർണാടകയിലെ വിവിധ റെയിൽ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും.
2. രാജ്യം ബഹിരാകാശം, ആരോഗ്യം, വിദ്യാഭ്യാസം, തുടങ്ങിയ മേഖലകളിൽ അഭൂതപൂർവ്വമായ വളർച്ച കൈവരിക്കുകയാണെന്ന് ഐ എസ് ആർ ഒ ചെയർമാൻ ഡോ. വി. നാരായണൻ.
3. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൻറെ കരട് വോട്ടർപട്ടിക മറ്റെന്നാൾ വരെ പുതുക്കാം, വോട്ടർ പട്ടിക പരിഷ്കരണത്തിനായി തദ്ദേശസ്ഥാപനങ്ങൾക്ക് ഇന്ന് പ്രവൃത്തി ദിനം.
4. സ്വകാര്യ ബസുകളുടെ മത്സരയോട്ടത്തിനെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി കെ. ബി. ഗണേഷ്കുമാർ, **KSRTC**യുടെ ചരിത്രത്തിലെ ഏറ്റവും വലിയ നവീകരണത്തിന് ഈ മാസം തുടക്കമാകും
5. കോഴിക്കോട് മേഖല അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് നാളെ തിരശ്ശീല വീഴും; മേളയിൽ പ്രദർശിപ്പിച്ചത് അറുപതോളം ചിത്രങ്ങൾ.

&&&&&&&&&&&&&&&&&&

RNU TVPM

<u>പ്രധാനമന്ത്രി -കർണാടക</u>

കർണാടക സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ബെംഗളൂരുവിൽ മൂന്നു വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്തു. ബെംഗളൂരുവിൽ നിന്ന് ബെലഗാവിയിലേക്കും, അമൃത്സറിൽ നിന്ന് ശ്രീ മാതാ വൈഷ്ണോ ദേവി കത്രയിലേക്കും, നാഗ്പൂർ മുതൽ പൂനെയിലേക്കുമുള്ള ട്രെയിനുകൾ ഇതിൽ ഉൾപ്പെടുന്നു. ബാംഗ്ലൂർ മെട്രോയുടെ യെല്ലോ ലൈനും പ്രധാനമന്ത്രി അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും . ഉച്ചയ്ക്ക് പൊതു പരിപാടിയിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി ബെംഗളൂരുവിലെ നഗര വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നടത്തും. കൂടാതെ 15,610 കോടിയിലധികം രൂപയുടെ ബാംഗ്ലൂർ മെട്രോ ഫേസ്-3 പദ്ധതിയുടെ തറക്കല്ലിടലും നടത്തും . 31 എലിവേറ്റഡ് സ്റ്റേഷനുകളുള്ള പദ്ധതിയുടെ ആകെ ദൂരം 44 കിലോമീറ്ററിലധികം ആണ് .

&&&&&&&&&&&&&&&&&&

<u>ഐ എസ് ആർ ഒ (ഇൻട്രോ)</u>

കഴിഞ്ഞ കാലയളവിൽ ഇന്ത്യൻ സാങ്കേതിക രംഗത്തേക്ക് മികച്ച പ്രതിഭകളെ വാർത്തെടുക്കാൻ വലിയമല IIST ക്ക് സാധിച്ചതായി ISRO ചെയർമാൻ ഡോ. വി.നാരായണൻ. വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയുടെ പതിമൂന്നാമത് ബിരുദദാന ചടങ്ങിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യം ലോകത്തിലെ തന്നെ ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥകളിൽ ഒന്നായി മാറിയിരിക്കുന്നുവെന്നും ഐ എസ് ആർ ഒയുടെ വളർച്ചയും ഏറെ വലുതാണെന്നും അദ്ദേഹം പറഞ്ഞു. കാലാവസ്ഥ പ്രവചനം,ദുരന്ത പ്രതികരണം , ഭക്ഷ്യസുരക്ഷാ തുടങ്ങി നിരവധി മേഖലകളിൽ മികവ്

RNU TVPM

കൈവരിക്കാൻ നമ്മുടെ സാറ്റലൈറ്റുകൾ ഉപകരിക്കുന്നതായും അദ്ദേഹം അഭിപ്രായപ്പെട്ടു. (വോയ്സ്)

&&&&&&&&&&&&&&&&&&

## വോട്ടർ പട്ടിക

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൻറെ കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടിയിട്ടുണ്ട്. വോട്ടർപട്ടിക പുതുക്കലിൻറെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ ഇന്നും പ്രവർത്തിക്കുന്നു. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## കെ എസ് ആർ ടി സി (ഇൻട്രോ)

KSRTC യെ ആധുനികീകരിക്കാനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിവരികെയാണെന്ന് ഗതാഗത മന്ത്രി കെബി ഗണേഷ് കുമാർ. സ്വകാര്യ ബസുകളുടെ മത്സരയോട്ടം തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി. എറണാകുളം ബോട്ട് ജെട്ടിയിൽ ഇന്നലെ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പുതിയ റീജിണൽ ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു ഗതാഗത മന്ത്രി. (വോയിസ് )

RNU TVPM

&&&&&&&&&&&&&&&&&&

## മന്ത്രി വി. ശിവൻകുട്ടി

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ ഷോക്കേറ്റ് മരിച്ച എട്ടാം ക്ലാസ് വിദ്യാർത്ഥി മിഥുന്റെ വീടിന്റെ തറക്കല്ലിടൽ മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. മിഥുന്റെ കുടുംബത്തിന് എല്ലാ വിധത്തിലുള്ള സഹായവും ഉണ്ടാകുമെന്നും മാനദണ്ഡങ്ങൾ പാലിക്കാതെ സ്കൂൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ കർശന നടപടി

ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു .20 ലക്ഷം രൂപ ചെലവഴിച്ചാണ് വീടിൻ്റെ നിർമ്മാണം.

&&&&&&&&&&&&&&&&&&

## കണ്ണൂർ - മുഖ്യമന്ത്രി - ഉദ്ഘാടനം

ഭൂവിനിയോഗ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നടത്തുന്ന സമുചിത വിള നിർണയ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനവും ലാൻഡ് റിസോഴ്സ് ഇൻഫോർമേഷൻ സിസ്റ്റം വെബ്സൈറ്റ് പ്രകാശനവും നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. കണ്ണൂർ നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് ഹാളിൽ നടക്കുന്ന പരിപാടിയിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&&&

## അവയവദാനം

RNU TVPM

മരണാനന്തര അവയവദാതാക്കളെ അനുസ്മരിക്കുന്നതിനും അവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്നതിനുമായി കെ-സോട്ടോ യുടെ നേതൃത്വത്തിൽ 'സ്മൃതി വന്ദനം 2025' എന്ന പേരിൽ സംസ്ഥാനതല പരിപാടി സംഘടിപ്പിക്കുന്നു. ബുധനാഴ്ച വൈകുന്നേരം തിരുവനന്തപുരം വഴുതക്കാട് ടാഗോർ തിയേറ്ററിൽ നടക്കുന്ന പരിപാടി ആരോഗ്യ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്ത് 2017 നവംബർ മുതൽ 2025 ജൂലൈ വരെയുള്ള കാലയളവിൽ മരണാനന്തരം അവയവദാനം നടത്തിയ 122 പേരുടെ കുടുംബാംഗങ്ങളാണ് പരിപാടിയിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

## ഹർ ഘർ തിരംഗ

ഹർ ഘർ ശുചിത്വ പരിപാടിയോടനുബന്ധിച്ച് തിരുവനന്തപുരത്തെ പട്ടം കേന്ദ്രിയ വിദ്യാലയത്തിൽ വിവിധ പരിപാടികൾ നടന്നു. രംഗോലി നിർമാണം, തിരംഗ എന്ന

ആശയം മുൻനിർത്തി വിദ്യാലയ ഭിത്തികൾ അലങ്കരിക്കൽ എന്നിവയ്ക്ക് പുറമെ, കുട്ടികൾ രാജ്യ സുരക്ഷയിൽ ഏർപ്പെട്ടിരിക്കുന്ന സൈനികർക്ക് കത്തുകൾ എഴുതി തയാറാക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&&&

ഇടുക്കി (ഇൻട്രോ)

ഇടുക്കി ഉടുമ്പന്നൂർ പഞ്ചായത്തിൽ വയോജനങ്ങളുടെ കൂട്ടായ്മയായ ഉല്ലാസക്കൂടിന്റെ പ്രവർത്തനം ശ്രദ്ധേയമാകുന്നു. ഗ്രാമപഞ്ചായത്തിലെ 59 വയസ് കഴിഞ്ഞ മുഴുവൻ വയോജനങ്ങളേയും കോർത്തിണക്കി പഞ്ചായത്ത് - വാർഡ് - അയൽക്കൂട്ട സമിതികൾ രൂപീകരിച്ചാണ് ഉല്ലാസക്കൂടിന്റെ പ്രവർത്തനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ... (വോയ്സ്)**

&&&&&&&&&&&&&&&&&&&

വെഞ്ഞാറമൂട് കാർ അപകടം

തിരുവനന്തപുരം വെഞ്ഞാറമൂട്ടിൽ കാർ മതിലിൽ ഇടിച്ചുണ്ടായ അപകടത്തിൽ അഞ്ച് പേർക്ക് ഗുരുതര പരിക്ക്. മൂകാംബിക ദർശനം കഴിഞ്ഞ് മടങ്ങുകയായിരുന്ന പോത്തൻകോട് അണ്ടൂർക്കോണം സ്വദേശികൾ സഞ്ചരിച്ച വാഹനം വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ മതിലിൽ ഇടിക്കുകയായിരുന്നു. വാഹനത്തിൽ ഒരു പുരുഷനും നാല് സ്ത്രീകളും ഉൾപ്പെടെ അഞ്ച് പേർ ഉണ്ടായിരുന്നു. ഒരാളുടെ നില അതീവ ഗുരുതരമാണ്. പരിക്കേറ്റവരെ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡ്രൈവർ ഉറങ്ങിപ്പോയതാണ് അപകടത്തിന് കാരണമെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം.

&&&&&&&&&&&&&&&&&&&

കോഴിക്കോട് - മരണം

കോഴിക്കോട് കരിക്കാകുളത്തിന് സമീപം സഹോദരിമാരെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ തടമ്പാട്ടു താഴം

RNU TVPM

സ്വദേശി പ്രമോദിനെതിനായി പോലീസ് ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കി. ചേവായൂർ പോലീസാണ് ലുക്കൗട്ട് നോട്ടീസ് ഇറക്കിയത്. ഇരുവരും ശ്വാസംമുട്ടിയാണ് മരിച്ചതെന്നാണ് പോസ്റ്റ്മോർട്ടം നിഗമനം. സംഭവത്തിൽ അന്വേഷണം തുടരുകയാണ്.

&&&&&&&&&&&&&&&&&&

ബസ് കത്തി നശിച്ചു

മലപ്പുറം കൊണ്ടോട്ടിയിൽ ഓടിക്കൊണ്ടിരിക്കുന്ന സ്വകാര്യ ബസ് കത്തി നശിച്ചു. തീ പടരുന്നത് കണ്ടതോടെ യാത്രക്കാർ പുറത്തേക്കിറങ്ങി രക്ഷപ്പെട്ടു. പാലക്കാട് നിന്ന് കോഴിക്കോട്ടേക്ക് പോവുകയായിരുന്ന സന ബസിലാണ്
തീ പിടർന്നത്. ഷോർട്ട് സർക്യൂട്ട് ആണെന്നാണ് പ്രാഥമിക വിവരം. മലപ്പുറത്ത് നിന്ന് അഗ്നിശമന സേന എത്തിയാണ് തീ അണച്ചത്.

&&&&&&&&&&&&&&&&&&

RNU TVPM

കോഴിക്കോട് - ചലച്ചിത്രോത്സവം (ഇൻട്രോ)

കോഴിക്കോട് മേഖല അന്താരാഷ്ട്ര ചലച്ചിത്രോത്സവം പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് നടന്ന 29-ാമത് ഐ.എഫ്.എഫ്.കെയിൽ പ്രദർശിപ്പിച്ച , 58 ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്. ചലച്ചിത്രോത്സവം നാളെ സമാപിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് പ്രതിനിധി നസീർബാബു... (വോയ്സ്)**

&&&&&&&&&&&&&&&&&&

കണ്ണൂർ

കണ്ണൂർ പോലീസ് മൈതാനിയിലെ സിന്തറ്റിക്ക് ട്രാക്കും മൾട്ടി-പർപ്പസ് ഇൻഡോർ കോർട്ടും പൂർത്തിയായി.

മറ്റന്നാൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതി നാടിന് സമർപ്പിക്കും.

&&&&&&&&&&&&&&&&&&

## നോർക്ക

നാട്ടിൽതിരിച്ചെത്തിയ പ്രവാസികൾക്കായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കിവരുന്ന സാന്ത്വന ധനസഹായ പദ്ധതിയുടെ ഭാഗമായി നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കിലെ അർഹരായവർക്കായുള്ള അദാലത്ത് ഈ മാസം 23 ന് തിരുവനന്തപുരത്ത്. തൈക്കാട് നോർക്ക റൂട്ട്സ് സർട്ടിഫിക്കറ്റ് ഒതന്റിക്കേഷൻ സെന്ററിൽ രാവിലെ 10 മുതൽ വൈകിട്ട് 3 വരെ നടക്കുന്ന അദാലത്തിൽ മുൻകൂട്ടി അപേക്ഷിക്കുന്നവർക്ക് മാത്രമായിരിക്കും പ്രവേശനം. താല്പര്യമുള്ളവർ www.norkaroots.org എന്ന വെബ്ബ്സൈറ്റ് സന്ദർശിച്ച് ആഗസ്റ്റ് 20 ന് മുൻപായി അപേക്ഷ നൽകേണ്ടതാണ്.

&&&&&&&&&&&&&&&&&&

## ദേവസ്വം ബോർഡ് പരീക്ഷ

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് തൃശൂർ ജില്ലയിലെ വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷകളിൽ മാറ്റം. ഗുരുവായൂർ ദേവസ്വത്തിലെ ഹെൽപ്പർ, അസിസ്റ്റന്റ് ലൈൻമാൻ, എന്നീ തസ്തികകളിലേക്കുള്ള പൊതു പരീക്ഷ സാങ്കേതിക കാരണങ്ങളാൽ അസിസ്റ്റൻ്റ് ലൈൻമാൻ എന്ന തസ്തികയിലേക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയതായി അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNUTVPM